ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 07.10.2024**

## പ്രധാനവാർത്തകൾ

1. ഇന്ത്യ- മാൽദീവസ് ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വിവിധ വിഷയങ്ങളിൽ ധാരണാപത്രത്തിൽ ഒപ്പുവച്ച് ഇന്ത്യയും - മാൽദീവ്സും.

2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വിവിധ ഇനങ്ങളിലായി രണ്ടായിരം കോടിയിലേറെ രൂപ വിതരണം ചെയ്തതായി മുഖ്യമന്ത്രി പിണറായി വിജയൻ.

3. പതിനഞ്ചാം കേരള നിയമസഭയുടെ 12-ാം സമ്മേളനം ഈ മാസം 15 വരെയാക്കി പുനഃക്രമീകരിച്ചു. നടപടി കാര്യോപദേശക സമിതിയുടെ ശിപാർശ പ്രകാരം.

4. കേരളത്തിൽ വെള്ളിയാഴ്ച വരെ ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആറ് ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് ഓറഞ്ച് ജാഗ്രത. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

5. നെഹ്റു ട്രോഫി വള്ളംകളി മത്സര ഫലത്തിന് എതിരെയുള്ള പരാതി അപ്പീൽ കമ്മിറ്റി തള്ളി.

RNU TVPM

6. ട്വൻറി- 20 വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട് ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും.

&&&&&&&&&&&&&&&&&&

**പി എം-മാൽദീവ്സ് (ഇൻട്രോ)**

ഇന്ത്യ- മാൽദീവസ് ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മാലിദ്വീവ്സ് പ്രസിഡൻ്റ് മുഹമ്മദ് മുയിസുവുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം സംയുക്ത വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ് വോയ്സ്.........)

മാൽദ്വീവ്സിലെ ഹനിമാധോ അന്താരാഷ്ട്ര വിമാനത്താവളത്തിൻ്റെ റൺവേ ഇരു നേതാക്കളും സംയുക്തമായി ഉദ്ഘാടനം ചെയ്തു. ബംഗളൂരുവിൽ പുതിയ മാൽദ്വീപ്സ് കോൺസുലേറ്റ് തുറക്കുന്നത് സംബന്ധിച്ചും ചർച്ച നടന്നു. വിവിധ വിഷയങ്ങളിലെ ധാരണാപത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു.

&&&&&&&&&&&&&&&&&&

**ജമ്മു കശ്മീർ-വോട്ടെണ്ണൽ**

PNU TVPM

ജമ്മു കശ്മീർ, ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പുകളുടെ വോട്ടെണ്ണൽ നാളെ. രണ്ടു സംസ്ഥാനങ്ങളിലെയും എല്ലാ വോട്ടെണ്ണൽ കേന്ദ്രങ്ങളിലും ശക്തമായ സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## നിയമസഭ

പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷത്തിൻറെ നക്ഷത്ര ചിഹ്നമിട്ട 49 ചോദ്യങ്ങൾ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളാക്കി മാറ്റിയതിൽ പ്രതിഷേധിച്ചായിരുന്നു ബഹളം. ചോദ്യങ്ങൾ ഉന്നയിക്കാനുള്ള പ്രതിപക്ഷത്തിന്റെ അവകാശം നിഷേധിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. എന്നാൽ തദ്ദേശീയവും അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിലുള്ളതുമായ ചോദ്യങ്ങളാണ് ചട്ട പ്രകാരം, നക്ഷത്ര ചിഹ്നമിടാത്തതാക്കി മാറ്റിയതെന്ന് സ്പീക്കർ എ എൻ ഷംസീർ മറുപടി നൽകി. എല്ലാ ചോദ്യങ്ങൾക്കും മറുപടി പറയുന്ന രീതിയാണ് സർക്കാർ സ്വീകരിക്കുന്നത് എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രതിപക്ഷ നേതാവിനെതിരെ ഭരണപക്ഷം നടത്തിയ പരാമർശത്തിൽ പ്രതിപക്ഷം ബഹളം തുടർന്നതോടെ സഭ ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&

RNU TVPM

**നിയമസഭ - മുഖ്യമന്ത്രി**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് വിവിധ ഇനങ്ങളിലായി ഇതുവരെ **2,135.5** കോടി രൂപ വിതരണം ചെയ്തതായി മുഖ്യമന്ത്രി പിണറായി വിജയൻ. അപേക്ഷകൾ ഓൺലൈൻ ആക്കിയതോടെ ധനസഹായം ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവായതായും നിയമസഭയിൽ ചോദ്യോത്തര വേളയിൽ മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**മുഖ്യമന്ത്രി - തൊഴിൽ**

രാജ്യത്ത് എല്ലാ മേഖലകളിലും തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൊഴിൽ നിയമ ചട്ടങ്ങൾ കൃത്യമായി പാലിക്കാത്ത കമ്പനികൾക്ക് എതിരെ ശക്തമായ നടപടി എടുക്കുമെന്നും പി.പി. ചിത്തരഞ്ജൻ MLA യുടെ ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി അദ്ദേഹം പറഞ്ഞു. പൊതുവിപണിയിൽ സംസ്ഥാന സർക്കാർ നടത്തുന്ന ഇടപെടലുകളിലൂടെ വിലക്കയറ്റം ഫലപ്രദമായി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി ജി ആർ അനിൽ സഭയെ അറിയിച്ചു.

&&&&&&&&&&&&&&&&&&

**നിയമസഭ- പ്രതികരണം**

RNU TVPM

സ്പീക്കറിന്റെയും സർക്കാരിന്റെയും ഭാഗത്തു നിന്നും ദൗർഭാഗ്യകരമായ നിലപാടാണ് നിയമസഭയിൽ ഉണ്ടായതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ പറഞ്ഞു. അതേസമയം അടിയന്തപര പ്രമേയം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറായിരുന്നിട്ടും ചർച്ചയ്ക്ക് തയ്യാറാകാതെ പ്രതിപക്ഷം ഓടി ഒളിക്കുകയായിരുന്നു എന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് കുറ്റപ്പെടുത്തി. നിയമസഭയിൽ നടന്ന ഭരണ- പ്രതിപക്ഷ പോര് വെറും പ്രഹസനം മാത്രമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ.സുരേന്ദ്രൻ ആരോപിച്ചു.

&&&&&&&&&&&&&&&&&&

**നിയമസഭ- പുനക്രമീകരിച്ചു**

PNUTVPM

പതിനഞ്ചാം കേരള നിയമസഭയുടെ 12-ാം സമ്മേളനം പുനഃക്രമീകരിച്ചു. 18 വരെ ചേരാനിരുന്ന സഭാ സമ്മേളനം 15-ാം തീയതി വരെയാക്കി ചുരുക്കി. കാര്യോപദേശക സമിതിയുടെ ശിപാർശ പ്രകാരമാണ് നടപടി. നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ ആവശ്യമെങ്കിൽ അധികസമയം സമ്മേളനം ചേരുന്നതിനും സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**ബിനോയ് വിശ്വം.- എം രാമചന്ദ്രൻ**

ആകാശവാണിയിലൂടെ ശബ്ദം കൊണ്ട് വ്യത്യസ്തത പുലർത്തിയ വാർത്താ അവതാരകനായിരുന്നു എം. രാമചന്ദ്രനെന്ന് സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. തിരുവനന്തപുരം പ്രസ്സ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച എം രാമചന്ദ്രൻ അനുസ്മരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുൻ മന്ത്രി എം. വിജയകുമാർ, മുൻ എം.പി പന്ന്യൻ രവീന്ദ്രൻ, ബിജെപി ജില്ലാ പ്രസിഡൻ്റ് വി.വി.രാജേഷ്, മാധ്യമപ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് വെള്ളിയാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം,വയനാട്,
കണ്ണൂർ ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കാസർകോട് ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കേരള, ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

**വള്ളംകളി (ഇൻട്രോ)**

RNU TVPM

2024 ലെ നെഹ്റു ട്രോഫി ജലമേളയിൽ രണ്ടാം സ്ഥാനം നേടിയ വിയപുരം ചുണ്ടൻ്റെ പരാതി അപ്പീൽ കമ്മിറ്റി തള്ളി. സ്റ്റാർട്ടിംഗ് പിഴവുണ്ടായി എന്ന നടുഭാഗം ചുണ്ടൻ തുഴഞ്ഞ കുമരകം ടീമിൻ്റെ പരാതിയും തള്ളി കളഞ്ഞു.

വിശദാംശങ്ങളുമായി ആലപ്പുഴയിൽ നിന്നും ആകാശവാണി പ്രതിനിധി ആർ രവികുമാർ

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

**വനിതാ ട്വന്റി- 20**

RIJU TVPM

ട്വന്റി- 20 വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇന്ന് ഇംഗ്ലണ്ട് - ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യ 6 വിക്കറ്റിന് വിജയിച്ചു.

&&&&&&&&&&&&&&&&&&

**ഇടുക്കി (ഇൻട്രോ)**

ഇടുക്കി മാങ്കുളത്തെ ആനക്കുളത്തിലേക്ക് വിനോദഞ്ചാരികൾ എത്തിത്തുടങ്ങി. പുഴയിൽ വെള്ളം കുടിക്കാനെത്തുന്ന കാട്ടാനകൂട്ടങ്ങളെ കാണാനാണ് സഞ്ചാരികളുടെ വരവ്.

ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....

(ഹോൾഡ് വോയ്സ്........)

**&&&&&&&&&&&&&&&&&&**

**ഹജ്ജ്**

2025ൽ സർക്കാർ ക്വാട്ടയിൽ ഹജ്ജിന് പോകുന്ന ഹാജിമാരുടെ സിലക്ഷൻ പൂർത്തിയായി. യോഗ്യരായ ഒരു ലക്ഷത്തി 51,981 അപേക്ഷകരിൽ നിന്ന് ഒരു ലക്ഷത്തി 22,518 പേരെ തെരഞ്ഞെടുത്തു. ഗുജറാത്തിൽ നിന്നാണ് ഏറ്റവും കൂടുതൽ ഹാജിമാർ അപേക്ഷിച്ചതെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ എ പി അബ്ദുള്ളക്കുട്ടി പറഞ്ഞു. കേരളത്തിൽ നിന്ന് 20,636 അപേക്ഷകൾ ലഭിച്ചു.

**&&&&&&&&&&&&&&&&&&**

**സിദ്ദിഖ് - ചോദ്യം ചെയ്തു**

നടിയുടെ ലൈംഗിക അതിക്രമ പരാതിയിൽ നടൻ സിദ്ദിഖിനെ പ്രത്യേക അന്വേഷണ സംഘം ചോദ്യം ചെയ്തു. തിരുവനന്തപുരം കൻ്റോൺമെൻറ് സ്റ്റേഷനിൽ മൂന്ന് മണിക്കൂറോളം ചോദ്യം ചെയ്ത ശേഷം സിദ്ദിഖിനെ വിട്ടയച്ചു. ശനിയാഴ്ച വീണ്ടും ഹാജരാകാൻ സിദ്ദിഖിന് നിർദേശം നൽകിയിട്ടുണ്ട്.

**&&&&&&&&&&&&&&&&&&**

**റേഷൻ മസ്റ്ററിങ്**

RNUTVPM

റേഷൻ മസ്റ്ററിങ് നടത്താനായി സർക്കാർ നിശ്ചയിച്ച സമയപരിധി നാളെ അവസാനിക്കും. മുഴുവൻ മുൻഗണനാ കാർഡ് അംഗങ്ങളും റേഷൻ കടകളിലെത്തി മസ്റ്ററിങ് പൂർത്തിയാക്കണമെന്ന് സംസ്ഥാന സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**ഒ ആർ കേളു**

ശുചിത്വ അവബോധം ജീവിതത്തിൽ പരമാവധി പ്രാവർത്തികമാക്കാൻ എല്ലാ ജനവിഭാഗങ്ങളും ശ്രദ്ധിക്കണമെന്ന് മന്ത്രി ഒ ആർ കേളു.സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെയും ലോക ആവാസ ദിനത്തിന്റെയും ഭാഗമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ജനകീയാസൂത്രണ പദ്ധതിയോടെ ആരംഭിച്ച സമ്പൂർണ ശൗചാലയ പദ്ധതി കാലത്തിനനുസരിച്ച് ആധുനിക സൗകര്യങ്ങളോടെ നടപ്പിലാക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു .

&&&&&&&&&&&&&&&&&&

**മെമു സർവീസ്**

പുതുതായി അനുവദിച്ച കൊല്ലം - എറണാകുളം മെമു ട്രെയിനിൻറെ ആദ്യ സർവീസിന് മികച്ച പ്രതികരണം. രാവിലെ 5:55 ന് കൊല്ലം സ്റ്റേഷനിൽനിന്ന് പുറപ്പെട്ട

RNUTVPM

ട്രെയിനിൽ എം.പി. മാരായ കൊടിക്കുന്നിൽ സുരേഷ്, എൻ. കെ. പ്രേമചന്ദ്രൻ എന്നിവർ യാത്ര ചെയ്യു. സ്പെഷ്യൽ ട്രെയിൻ കോട്ടയം വഴിയാണ് സർവീസ് നടത്തുന്നത് .

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM